(സി) 42,892 പേരുടെ കാർഡുകൾ ബി.പി.എൽ. ആക്കി മാറ്റിയിട്ടുണ്ട്.

(ഡി) ഉണ്ട്. അനുബന്ധമായി ചേർക്കുന്നു*.

(ഇ) 36,329 പേരുടെ അപേക്ഷകൾ തീർപ്പാക്കാൻ ബാക്കി നില്പുണ്ട്.

(എഫ് & ജി) ഇല്ല.

ശമ്പള കമ്മീഷൻ ശിപാർശ

36(6) ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും ശമ്പള കമ്മീഷൻ ശിപാർശ ചെയ്ത ശമ്പള സ്കെയിലുകളും മറ്റാനുകൂല്യങ്ങളും പരിമിതപ്പെടുത്തി എന്ന ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിലെ ശമ്പള സ്കെയിലുകളും ആനുകൂല്യങ്ങളുമാണ് പരിമിത പ്പെടുത്തിയതെന്നും, ഇവർക്ക് ശമ്പള കമ്മീഷൻ ശിപാർശ ചെയ്ത ആനുകൂല്യങ്ങളും പരിമിതപ്പെടുത്തിയ ആനുകൂല്യങ്ങളും എത്ര വീതമാണെന്ന് വിശദമാക്കുമോ;

(ബി) പരിമിതപ്പെടുത്തിയ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള എന്ത നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനുമായി ശമ്പള കമ്മീഷൻ എന്തെങ്കിലും തരത്തിലുള്ള ശിപാർശകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ശുപാർശകൾ എന്തെല്ലാം; ഈശിപാർശകൾ നടപ്പാക്കുന്നത സംബന്ധിച്ചുള്ള തീരുമാനം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം എ-യുടെ മറുപടിയുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള ശിപാർശകളടങ്ങുന്ന പത്താം ശമ്പള കമ്മീഷൻ രണ്ടാംഘട്ട റിപ്പോർട്ട് പ്രകാരം ലഭ്യമാക്കിയിട്ടുണ്ട് (അനുബന്ധമായി ചേർത്തിരിക്കുന്നു.)*

പത്താം ശമ്പള കമ്മീഷന്റെ രണ്ടാംഘട്ട റിപ്പോർട്ട് പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 20-02-2016-ലെ സ.ഉ.(അച്ചടി) നമ്പർ 7/2016/ധന. പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ എക്സ്പെൻഡിച്ചർ) കൺവീനറായും അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം), അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (പൊതുഭരണ വകുപ്പ്), സെക്രട്ടറി (ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്), ഡയറക്ടർ ജനറൽ (ഐ.എം.ജി.) എന്നിവർ അംഗങ്ങളായും ഉള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളിൽ തീരുമാനം എടുക്കാത്ത ഫയലുകൾ

37(7) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ തീരുമാനം എടുക്കാതെ കെട്ടിക്കിടക്കുന്ന ഫയലുകളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) ഏറ്റവും ഒടുവിലത്തെ കണക്കു പ്രകാരം ഓരോ മന്ത്രിയുടെയും പരിഗണനയ്ക്ക് വന്ന ഫയലുകളിൽ ഇനിയും തീരുമാനമെടുക്കാൻ ബാക്കി നിൽപ്പുള്ളവ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫയലുകളിൽ മൂന്ന് മാസം, ആറ് മാസം, ഒരു വർഷം, രണ്ട് വർഷം എന്നീ കാലയളവുകൾക്ക് ശേഷവും തീർപ്പാകാതെ കെട്ടികിടക്കുന്ന എത്ര ഫയലുകൾവീതം ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) മുഖ്യമന്ത്രിയുടെ ഓഫീസിൽ മന്ത്രിസഭായോഗ തീരുമാനത്തിന് മേൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതായ എത്ര ഫയലുകൾ 2016 ജനുവരി 31 ന് ബാക്കി നിൽപ്പുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) മന്ത്രിസഭയുടെ പരിഗണനയ്ക്ക് അയയ്ക്കേണ്ട എത്ര ഫയലുകൾ മുഖ്യമന്ത്രിയുടെ ഓഫീസിൽ 2016 ജനുവരി 31 ന് ബാക്കിയുണ്ടായിരുന്നെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly